റോഡുപണി.

284. [23] ശ്രീ. എൻ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവല്ലാ–അമ്പലപ്പുഴ റോഡിന് എടത്വായിൽ നിന്നും പടിഞ്ഞാട്ട് റോഡിനുവേണ്ടി വെട്ടിപൊക്കിയിട്ടുള്ള ഉദ്ദേശം ആറ് ഫർലാംഗ് ഭാഗമെങ്കിലും സഞ്ചാരയോഗ്യമായ റോഡുവിഭാഗമാക്കണമെന്ന മെംബറന്മാരിൽ നിന്നും നിവേദനം കിട്ടിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്തു നടപടി നടത്തി ;

(സി) 1955–56–ലെ ബഡ്ജറിലെങ്കിലും അതിന് തുക കൊള്ളിച്ചിട്ടുണ്ടോ ;

(ഡി) തിരുവല്ലാ–അമ്പലപ്പുഴ—റോഡ് പണിയുന്നതിന് ഗവണ്മെൻറിന്റെ ശ്രദ്ധ പതിയുമോ ?

ഉത്തരം.

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ഉണ്ട്.

(ഡി) ശ്രദ്ധ പതിയുന്നതാണ്.

ശിശുസംരക്ഷണകേന്ദ്രം.

285. [24] ശ്രീ. എൻ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എടത്വാ ആശുപത്രിയോടനുബന്ധിച്ച് ഒരു പ്രസവശുശ്രൂഷയും ശിശുസംരക്ഷണവും കേന്ദ്രം അനുവദിക്കണമെന്ന് നിയമസഭാസമാജികന്മാരിൽനിന്നോ, പൊതുജനങ്ങളിൽനിന്നോ വല്ല നിവേദനവും കിട്ടിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു് നടപടി നടത്തിയിട്ടുണ്ട് ?

ഉത്തരം.

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ഇലക്ട്രിസിറ്റി.

286. [25] ശ്രീ. എൻ. ജി. ചാക്കോ : താഴെ കാണുന്ന ചോദ്യത്തിന് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പത്തനംതിട്ട താലൂക്കിൽ മേലുകര, കീക്കൊഴൂർ, വയലത്തല, പ്രാക്കാനം, വാഴമുട്ടം, ചീക്കിനാൽ, ഇലന്തൂർ കിഴക്ക്, കടമ്മനിട്ട എന്നീ സ്ഥലങ്ങളിലേയ്ക്ക് Rural Electrification Scheme അനുസരിച്ച് ഇലക്ട്രിസിറ്റി നീട്ടുമോ ?

LIBRARY ARCHIVES Kerala Legislative Assembly